PSCNET.in

# 171/2016

Maximum : 100 marks

Time : 1 hour and 15 minutes

1. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതു നദിയുടെ തീരത്താണ് റോമാനഗരം സ്ഥിതിചെയ്യുന്നത്?
   (A) ഡാന്യൂബ് (B) വോൾഗ
   (C) ടൈബർ (D) ടൈഗ്രീസ്

2. പട്ടണം ഉത്ഖനനം നടക്കുന്ന ജില്ല :
   (A) എറണാകുളം (B) വയനാട്
   (C) ഇടുക്കി (D) മലപ്പുറം

3. സിമ എന്നറിയപ്പെടുന്ന ഭൂമിയുടെ ഭാഗം :
   (A) വൻകര (B) കടൽത്തറ
   (C) മാന്റിൽ (D) കാമ്പ്

4. ആനന്ദമഹാസഭയുടെ സ്ഥാപകൻ :
   (A) ശ്രീനാരായണ ഗുരു (B) വാഗ്ഭടാനന്ദൻ
   (C) ചട്ടമ്പി സ്വാമികൾ (D) ബ്രഹ്മാനന്ദ ശിവയോഗി

5. ഏതിനു പകരമുള്ള പുതിയ സംവിധാനമാണ് 2015 ൽ നിലവിൽ വന്ന നീതി ആയോഗ്?
   (A) ആസൂത്രണ കമ്മീഷൻ (B) ധനകാര്യ കമ്മീഷൻ
   (C) വിവരാവകാശ കമ്മീഷൻ (D) ഇതൊന്നുമല്ല

6. 'സ്വദേശാഭിമാനി' പത്രം ആരംഭിച്ചതാര്?
   (A) സി.പി. ഗോവിന്ദ പിള്ള (B) കെ. രാമകൃഷ്ണ പിള്ള
   (C) വക്കം അബ്ദുൾ ഖാദർ മൗലവി (D) മുഹമ്മദ് അബ്ദുൾ റഹിമാൻ

7. 'ഡയറ്റ്' - ഏതു രാജ്യത്തിന്റെ പാർലമെന്റാണ്?
   (A) തുർക്കി (B) ജപ്പാൻ
   (C) ചൈന (D) പോളണ്ട്

8. ഷോളയാർ ജലവൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്ന നദി :
   (A) ഭാരതപ്പുഴ (B) മുതിരപ്പുഴ
   (C) പെരിയാർ (D) ചാലക്കുടിപ്പുഴ

9. ഹാരഡ്-ഡോമർ മോഡൽ അടിസ്ഥാനമായി സ്വീകരിച്ച പഞ്ചവത്സര പദ്ധതി :
   (A) ഒന്ന് (B) രണ്ട്
   (C) അഞ്ച് (D) ആറ്

10. 'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്നറിയപ്പെടുന്ന ഇന്ത്യൻ ശാസ്ത്രജ്ഞൻ :
   (A) സി.വി. രാമൻ (B) രാജാ രാമണ്ണ
   (C) എ.പി.ജെ. അബ്ദുൾ കലാം (D) ഹോമി ജെ. ഭാഭ

PSCNET.in

11. ക്ലോർ ആൽക്കലി പ്രവർത്തനം താഴെ പറയുന്ന ഏത് രാസവസ്തുവിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) കാൽസ്യം കാർബണേറ്റ്
(B) സോഡിയം കാർബണേറ്റ്
(C) സോഡിയം ഹൈഡ്രോക്സൈഡ്
(D) കാൽസ്യം ഹൈഡ്രോക്സൈഡ്

12. ആങ് സ്ട്രം മെഷർ എന്നത് താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ദ്രാവകത്തിന്റെ അളവ്
(B) കപ്പലിന്റെ വേഗത
(C) കേബിളുകളുടെ നീളം
(D) അന്തരീക്ഷ താപനില

13. താഴെ പറയുന്നവയിൽ പോസിറ്റീവ് ചാർജ്ജുള്ളത് ഏത്?

(A) ആൽഫാ കണം
(B) ബീറ്റാ കണം
(C) ന്യൂട്രോൺ
(D) ഗാമാ വികിരണം

14. പ്രകാശത്തിന്റെ വേഗത ആദ്യമായി അളന്നത് :

(A) ഐൻസ്റ്റീൻ
(B) ന്യൂട്ടൺ
(C) മാക്സ്പ്ലാങ്ക്
(D) റോമർ

15. നീല പ്രകാശവും പച്ച പ്രകാശവും കൂട്ടിച്ചേർത്താൽ ഉണ്ടാകുന്ന നിറം :

(A) മജന്ത
(B) സയൻ
(C) മഞ്ഞ
(D) ഓറഞ്ച്

16. എക്സറേ പതിക്കാതിരിക്കുവാൻ ഉപയോഗിക്കുന്ന രക്ഷാകവചം ഏത് ലോഹം കൊണ്ടാണ് നിർമ്മിക്കുന്നത്?

(A) ലെഡ്
(B) അലുമിനിയം
(C) ടിൻ
(D) ഓസ്മിയം

17. ക്വാർട്ട്സ് ക്രിസ്റ്റൽ രാസപരമായി ഏത് വസ്തുവാണ്?

(A) കാൽസ്യം ഓക്സൈഡ്
(B) കോപ്പർ ഓക്സൈഡ്
(C) അലുമിനിയം ഓക്സൈഡ്
(D) സിലിക്കൺ ഡയോക്സൈഡ്

18. മോണോസൈറ്റ് ഏത് ലോഹത്തിന്റെ അയിരാണ്?

(A) ടൈറ്റാനിയം
(B) യുറേനിയം
(C) തോറിയം
(D) ഇരുമ്പ്

19. മുന്തിരിയിൽ അടങ്ങിയിരിക്കുന്ന ആസിഡ് :

(A) സിട്രിക് ആസിഡ്
(B) ടാർടാറിക് ആസിഡ്
(C) ഓക്സാലിക് ആസിഡ്
(D) അസറ്റിക് ആസിഡ്

PSCNET.in

20. എൻഡോസൾഫാൻ എന്ന കീടനാശിനി രാസികമായി ഏത് വിഭാഗത്തിൽ പെടുന്നു?
(A) ഓർഗാനോ ക്ലോറിൻ
(B) ഇനോർഗാനിക് ക്ലോറിൻ
(C) മെറ്റാലിക് ഓക്സൈഡ്
(D) നോൺ മെറ്റാലിക് ഓക്സൈഡ്

21. സെന്റിഗ്രേഡും ഫാരൻഹീറ്റും ഒരേപോലെ ആകുന്ന താപനില :
(A) 40°
(B) 100°
(C) –100°
(D) –40°

22. കടൽവെള്ളത്തിന്റെ pH :
(A) 7.4
(B) 4.5
(C) 8.5
(D) 7

23. ലോഹദ്യുതിയുള്ള അലോഹം :
(A) ബ്രോമിൻ
(B) കാർബൺ
(C) അയഡിൻ
(D) ഫ്ലൂറിൻ

24. ആദ്യമായി നിർമ്മിക്കപ്പെട്ട കൃത്രിമ മൂലകം :
(A) ടെക്നീഷ്യം
(B) ടൈറ്റാനിയം
(C) പ്ലൂട്ടോണിയം
(D) സിറിയം

25. ഭൂവൽക്കത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം :
(A) ഹൈഡ്രജൻ
(B) ഓക്സിജൻ
(C) നൈട്രജൻ
(D) കാർബൺ

26. അൾട്രാവയലറ്റ് രശ്മികളെ പ്രതിരോധിക്കുന്ന ഗ്ലാസ്സ് :
(A) ഫ്ലിന്റ് ഗ്ലാസ്സ്
(B) ക്രൂക്സ് ഗ്ലാസ്സ്
(C) സെറാമിക് ഗ്ലാസ്സ്
(D) സേഫ്റ്റി ഗ്ലാസ്സ്

27. കാന്തശക്തിയുടെ യൂണിറ്റ് :
(A) വെബ്ബർ
(B) ഫാരഡ്
(C) കാന്റല
(D) പാസ്കൽ

28. വാഹനങ്ങളുടെ റിയർ വ്യൂ മിറർ :
(A) കോൺകേവ്
(B) സമതലദർപ്പണം
(C) ബൈഫോക്കൽ
(D) കോൺവെക്സ്

29. ഒരു ചാലകത്തിന്റെ നീളം കൂടുന്തോറും അതിന്റെ റെസിസ്റ്റിവിറ്റി :
(A) കൂടുന്നു
(B) കുറയുന്നു
(C) മാറ്റമില്ല
(D) കൂടുന്നു പിന്നെ കുറയുന്നു

30. ന്യൂക്ലിയസ്സിന്റെ വലിപ്പം അളക്കുന്നത് :
(A) ന്യൂട്ടൺ
(B) ആങ് സ്ട്രം
(C) ടെസ്‌ല
(D) ഫെർമി

PSCNET.in

31. ജീവാണുവളം തയ്യാറാക്കാൻ ഉപയോഗിക്കുന്ന ഫോസ്ഫേറ്റ് ലായക ജീവാണുവിന് ഉദാഹരണം :
(A) ബാസിലസ് പോളിമിക്സ്
(B) റൈസോബിയം
(C) അസറ്റോബാക്ടർ
(D) അസോസ്പൈറില്ലം

32. ധാന്യകം ഏതു രൂപത്തിലാണ് സീവ് നാളിയിലൂടെ നീങ്ങുന്നത്?
(A) ഫ്രക്ടോസ്
(B) ഗാലക്ടോസ്
(C) സുക്രോസ്
(D) ഗ്ലൂക്കോസ്

33. ബീജമൂലത്തിന്റെയും ബീജശീർഷത്തിന്റെയും അഗ്രഭാഗത്ത് രൂപപ്പെടുന്ന മെരിസ്റ്റം ഏത്?
(A) പ്രൈമറി മെരിസ്റ്റം
(B) പ്രോട്ടോഡേം
(C) അഗ്ര മെരിസ്റ്റം
(D) പ്രോ മെരിസ്റ്റം

34. സാർക്കോമ ശരീരത്തിന്റെ ഏതു ഭാഗത്തുണ്ടാകുന്ന കാൻസറാണ്?
(A) ത്വക്ക്
(B) അസ്ഥിമജ്ജ
(C) അസ്ഥി
(D) കണ്ണ്

35. പ്ലാസ്മയിലെ ഏതു ഘടകത്തിലൂടെയാണ് ഗ്ലൂക്കോസ് സംവഹിക്കപ്പെടുന്നത്?
(A) ജലം
(B) പ്രോട്ടീനുകൾ
(C) അമിനോ ആസിഡുകൾ
(D) ലവണങ്ങൾ

36. ക്ലോറോഫിൽ b ഇവയിൽ ഏതാണ്?
(A) $C_{55}H_{72}O_5N_4Fe$
(B) $C_{55}H_{70}O_6N_4Mg$
(C) $C_{72}H_{112}O_{22}N_{18}S$
(D) $C_{55}H_{72}O_5N_4Mg$

37. കോശ ശ്വസനം വഴി കോശങ്ങളിൽ ഉണ്ടാകുന്ന $CO_2$ രക്തത്തിൽ എത്തുന്നതെങ്ങനെ?
(A) പ്ലാസ്മയിൽ ലയിച്ച്
(B) വായു അറകളിലൂടെ
(C) ഹീമോഗ്ലോബിനുമായി ചേർന്ന്
(D) ടിഷ്യു ദ്രവത്തിലൂടെ

38. PPLO എന്ന ഏകകോശജീവി ഏതു വിഭാഗത്തിൽ പെടുന്നു?
(A) വൈറസ്
(B) ബാക്ടീരിയ
(C) മൈക്കോപ്ലാസ്മ
(D) ഫംഗസ്

39. പ്ലേഗ് ഉണ്ടാക്കുന്ന രോഗകാരി ഏത്?
(A) സ്പൈറോക്കീറ്റ്
(B) ക്ലാമൈഡിയ സിറ്റസി
(C) ഫിലൈൻ റൈനോട്രക്കീറ്റൈസ്
(D) യേർസിനിയ പെസ്റ്റിസ്

PSCNET.in

40. അൽക്കഹരിത് ഏത് പച്ചക്കറിയുടെ ഇനമാണ്?

(A) മുളക് (B) പാവൽ

(C) പയർ (D) മത്തൻ

41. മദ്ധ്യപ്രദേശ് വഴി കടന്നുപോകുന്ന പ്രധാന അക്ഷാംശരേഖ താഴെപ്പറയുന്നവയിൽ ഏതാണ്?

(A) 0° അക്ഷാംശരേഖ (B) $23\frac{1}{2}°$ ദക്ഷിണായനരേഖ

(C) 32° അക്ഷാംശരേഖ (D) $23\frac{1}{2}°$ ഉത്തരായനരേഖ

42. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ ആദ്യമായി രൂപപ്പെട്ടതും അവസാനമായി വിഭജിക്കപ്പെട്ടതുമായ സംസ്ഥാനം താഴെപ്പറയുന്നവയിൽ ഏതാണ്?

(A) അരുണാചൽ പ്രദേശ് (B) ആന്ധ്രാ പ്രദേശ്

(C) ഉത്തർ പ്രദേശ് (D) ഹിമാചൽ പ്രദേശ്

43. ഭൂമദ്ധ്യരേഖയോട് ഏറ്റവും അടുത്തു കിടക്കുന്ന ഇന്ത്യൻ സംസ്ഥാനം താഴെപ്പറയുന്നവയിൽ ഏതാണ്?

(A) തമിഴ്നാട് (B) കേരളം

(C) ഗുജറാത്ത് (D) പശ്ചിമബംഗാൾ

44. പർവ്വതവിജ്ഞാനത്തെപ്പറ്റി അറിയാൻ താഴെപ്പറയുന്നവയിൽ ഏതു പഠനശാഖയാണ് സഹായിക്കുന്നത്?

(A) ഓർത്തോഗ്രഫി (B) ഓൺടോളജി

(C) ഓറോഗ്രഫി (D) ഓർണിത്തോളജി

45. ഹിമാലയ പർവ്വതം മുതൽ ഇന്ത്യൻ മഹാസമുദ്രം വരെ വ്യാപിച്ചു കിടക്കുന്ന ഇന്ത്യൻ സംസ്ഥാനം താഴെപ്പറയുന്നവയിൽ ഏതാണ്?

(A) ഗുജറാത്ത് (B) ഒറീസ്സ

(C) അരുണാചൽ പ്രദേശ് (D) പശ്ചിമബംഗാൾ

46. റോഡുകൾക്കോ നദികൾക്കോ സമാന്തരമായി വരിവരിയായി കാണുന്ന വാസസ്ഥലങ്ങൾ താഴെപ്പറയുന്നവയിൽ ഏതാണ്?

(A) രേഖീയ മാതൃക (B) നക്ഷത്ര മാതൃക

(C) ത്രികോണ മാതൃക (D) വൃത്താകാര മാതൃക

47. മത്സ്യബന്ധനം താഴെപ്പറയുന്നവയിൽ ഏതു മേഖലയിൽ പെടുന്നു?

(A) കാർഷിക മേഖല (B) ദ്വിതീയ മേഖല

(C) പ്രാഥമിക മേഖല (D) വ്യവസായ മേഖല

PSCNET.in

48. താഴെപ്പറയുന്നവയിൽ ഏതൊക്കെ ഭാഗങ്ങൾ ചേർന്നതാണ് ശിലാമണ്ഡലം?
   (A) ഭൂവൽക്കം, പുറക്കാമ്പ്
   (B) അകക്കാമ്പ്, പുറക്കാമ്പ്
   (C) മാന്റിൽ, ഭൂവൽക്കം
   (D) മാന്റിൽ, പുറക്കാമ്പ്

49. എല്ലാ ശിലകളും താഴെപ്പറയുന്ന ഏതു ശിലയിൽ നിന്നാണ് രൂപം കൊള്ളുന്നത്?
   (A) പാതാള ശില
   (B) ആഗ്നേയ ശില
   (C) അവസാദ ശില
   (D) കായാന്തര ശില

50. മഴ, മഞ്ഞ്, കാറ്റ് തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾ താഴെപ്പറയുന്ന ഏത് അന്തരീക്ഷപാളിയിലാണ് ഉണ്ടാകുന്നത്?
   (A) തെർമോസ്ഫിയർ
   (B) മിസോസ്ഫിയർ
   (C) സ്ട്രാറ്റോസ്ഫിയർ
   (D) ട്രോപ്പോസ്ഫിയർ

51. ലോകമാന്യ എന്ന ബഹുമതി ലഭിച്ച ഇന്ത്യൻ സ്വാതന്ത്ര്യ സമര നേതാവ് താഴെപ്പറയുന്നവരിൽ ആരാണ്?
   (A) ബാലഗംഗാധര തിലകൻ
   (B) ഗോപാല കൃഷ്ണ ഗോഖലെ
   (C) സുഭാഷ് ചന്ദ്രബോസ്
   (D) ബങ്കിം ചന്ദ്ര ചാറ്റർജി

52. ബൂർബൺ രാജവംശം താഴെപ്പറയുന്നവയിൽ ഏതു രാജ്യത്താണ് അധികാരത്തിലിരുന്നത്?
   (A) ബ്രിട്ടൺ
   (B) ജർമ്മനി
   (C) ഫ്രാൻസ്
   (D) സ്പെയിൻ

53. ഹിറ്റ്ലറുടെ രഹസ്യ പോലീസിനെ ഭയന്നൊളിച്ച പെൺകുട്ടി താഴെപ്പറയുന്നവരിൽ ആരാണ്?
   (A) മലാല
   (B) ആൻഫ്രാങ്ക്
   (C) മേരിഫ്രാങ്ക്
   (D) ആൻമേരി

54. ജ്ഞാനോദയ ചിന്തകളുടെ സവിശേഷത താഴെപ്പറയുന്നതിൽ ഏതാണ്?
   (A) ഭാവന
   (B) ആശയത്തിന്
   (C) ആത്മനിഷ്ഠ
   (D) ശാസ്ത്രീയവീക്ഷണം

55. 1756 ൽ പ്രഷ്യ സാക്സണിയെ അക്രമിച്ചതിനെ തുടർന്ന് യൂറോപ്പിൽ ആരംഭിച്ച യുദ്ധം താഴെപ്പറയുന്നവയിൽ ഏതാണ്?
   (A) അമേരിക്കൻ വിപ്ലവം
   (B) ഫ്രഞ്ചു വിപ്ലവം
   (C) സപ്തവൽസര യുദ്ധം
   (D) സംവൽസര യുദ്ധം

56. അലാവുദ്ദീൻ ഖിൽജിയുടെ ഭരണപരിഷ്ക്കാരം താഴെപ്പറയുന്നവയിൽ ഏതാണ്?
   (A) കമ്പോളപരിഷ്ക്കരണം
   (B) ജാഗിർദാരി
   (C) ഭൂദാനം
   (D) ഇഖ്ത

57. 1191 ലെ ഒന്നാം തറൈൻ യുദ്ധത്തിൽ വിജയിച്ച രാജാവ് താഴെപ്പറയുന്നവരിൽ ആരാണ്?
   (A) മുഹമ്മദ് ഘോറി
   (B) മുഹമ്മദ് ബിൻ തുഗ്ലക്ക്
   (C) ബാബർ
   (D) പൃഥ്വിരാജ് ചൗഹാൻ

PSCNET.in

58. കേരളത്തിലെ മഹാശിലാ സ്മാരകങ്ങളിൽ നിന്നും ലഭിച്ച തെളിവുകൾ ഏതു കാലഘട്ടത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്?

(A) ശിലാ യുഗം
(B) ഇരുമ്പു യുഗം
(C) വെങ്കല യുഗം
(D) നവീന ശിലാ യുഗം

59. പഴന്തമിഴ്പ്പാട്ടുകളിൽ പ്രതിപാദിക്കുന്ന തിണകൾ അല്ലാത്തവ താഴെപ്പറയുന്നവയിൽ ഏതാണ്?

(A) കുറുഞ്ചി
(B) മരുതം
(C) വളഞ്ചിയർ
(D) മുല്ലൈ

60. മോഹൻജദാരോവിൽ ഉൽഖനനങ്ങൾ നടത്തിയത് താഴെപ്പറയുന്നവരിൽ ആരുടെ നേതൃത്വത്തിലായിരുന്നു?

(A) ആർ.ഡി. ബാനർജി
(B) എ.ഡി. ബാനർജി
(C) സർ ജോൺ മാർഷൽ
(D) ആർ.ഡി. ദേശായി

61. $3\frac{1}{2}+2\frac{1}{3}-4\frac{1}{6}$ ന് തുല്യമായതേത്?

(A) $1\frac{1}{6}$
(B) $2\frac{1}{6}$
(C) $1\frac{2}{3}$
(D) 1

62. സംഖ്യാ രേഖയിലെ സ്ഥാനം $\frac{3}{5}$ നും $\frac{3}{4}$ നും ഇടയിൽ വരാത്ത ഭിന്നകമേത്?

(A) $\frac{2}{3}$
(B) $\frac{4}{5}$
(C) $\frac{5}{7}$
(D) $\frac{5}{8}$

63. 1, 3, 5, .... എന്ന സമാന്തര ശ്രേണിയിലെ ആദ്യത്തെ 30 പദങ്ങളുടെ തുക എന്ത്?

(A) 900
(B) 845
(C) 625
(D) 841

64. $\left(\frac{1}{2}\right)^{2}+\left(\frac{1}{64}\right)^{1/3}-(32)^{-1/5}=$

(A) 1
(B) 0
(C) 2
(D) $\frac{1}{2}$

PSCNET.in

65. പഞ്ചസാരയുടെ വില 25% വർദ്ധിക്കുന്നു. ഒരാളുടെ ചെലവ് വർദ്ധിക്കാതിരിക്കാൻ പഞ്ചസാരയുടെ ഉപഭോഗം എത്ര ശതമാനം കുറയ്ക്കണം?

(A) 25% (B) $12\frac{1}{2}$%

(C) 20% (D) 15%

66. താഴെപ്പറയുന്നവയിൽ മട്ടത്രികോണത്തിന്റെ വശങ്ങൾ ആകാത്തവയേത്?

(A) 1, 2, 3 (B) 1, $\sqrt{3}$, 2

(C) 1, 1, $\sqrt{2}$ (D) 3, 4, 5

67. രണ്ട് വൃത്തസ്തംഭങ്ങളുടെ വ്യാപ്തങ്ങളുടെ അംശബന്ധം 1 : 3 ഉം ഉയരങ്ങൾ തമ്മിലുള്ള അംശബന്ധം 3 : 4 ഉം ആയാൽ പാദ ആരങ്ങൾ തമ്മിലുള്ള അംശബന്ധം എത്ര?

(A) 1 : 6 (B) 1 : 4

(C) 1 : 2 (D) 2 : 3

68. ഒരു സ്ഥാപനത്തിലെ 12 ജോലിക്കാരുടെ ശരാശരി പ്രായം 45 ആണ്. ഇതിൽ 60 വയസ്സുള്ള രാജൻ പിരിഞ്ഞ് പോയതിനു പകരം രഘു ജോലിയിൽ ചേർന്നപ്പോളുള്ള പുതിയ ശരാശരി 42 ആയാൽ രഘുവിന്റെ പ്രായം എത്രയായിരിക്കും?

(A) 42 (B) 24

(C) 28 (D) 34

69. രേണു $12\frac{1}{2}$% സാധാരണ പലിശയ്ക്ക് ഒരു ബാങ്കിൽ നിക്ഷേപിച്ച തുക നിശ്ചിത വർഷങ്ങൾക്ക് ശേഷം ഇരട്ടിയായി തിരികെ ലഭിക്കുന്നു എങ്കിൽ രേണു എത്ര വർഷത്തേക്കാണ് നിക്ഷേപം നടത്തിയത്?

(A) 5 (B) 10

(C) 6 (D) 8

70. ഒരു കച്ചവടക്കാരൻ സാധനങ്ങളുടെ വില 25% കൂട്ടി പരസ്യപ്പെടുത്തിയശേഷം 12% ഡിസ്കൗണ്ട് നൽകി വിൽപ്പന നടത്തിയാൽ അയാൾക്ക് ലഭിക്കുന്ന ലാഭം എത്ര ശതമാനം?

(A) 10% (B) 15%

(C) 13% (D) $18\frac{1}{2}$%

PSCNET.in

71. The poor man is affected ———— arthritis.

(A) on
(B) with
(C) of
(D) for

72. Select correct indirect form :

He said 'Alas! it is a heavy loss'

(A) He told it is a heavy loss
(B) He exclaim it was a heavy loss
(C) He exclaimed and said that it was a heavy loss
(D) He exclaimed with sorrow that it was a heavy loss

73. Read the headlines and complete the sentences :

Rana, convicted for murder, ———— from the court. The police is looking for him.

(A) has escaped
(B) had escaped
(C) is going to escape
(D) escaped

74. Which of the following is in the passive form?

(A) She gave a party
(B) A party gave to her
(C) She was given a party
(D) They given a party

75. Fill in the blanks with correct form of verb if necessary :

He gave up ———— (hunt) and took to ———— (farm) for livelihood.

(A) hunt, farming
(B) hunting, farming
(C) hunting, farm
(D) hunt, farm

76. Which of the words is rightly spelt?

(A) Carnivel
(B) Festivel
(C) Marvel
(D) Grammer

77. 'SARS' is an :

(A) pseudonym
(B) acronym
(C) synonym
(D) antonym

78. Find out equivalent usage in English :

'അണ്ണാനെയാണോ മരം കയറ്റം പഠിപ്പിക്കുന്നത്'

(A) Don't teach your grandmother to suck egg
(B) Don't teach squirrel to climb a tree
(C) Don't teach grandmother to climb a tree
(D) Don't teach your squirrel to climb to a tree

79. Fill in the blank with the correct form of phrasal verb :

None of the boys ———— any questions.

(A) come with
(B) come up with
(C) came with
(D) come out with

80. The word means 'one who knows everything' :

(A) omnipresent
(B) omniscient
(C) omnipotent
(D) omniclient

PSCNET.in

81. താഴെപ്പറയുന്നവയിൽ പഠന വൈകല്യമല്ലാത്തത് ഏത്?

(A) ഡിസ്‌ലെക്സിയ
(B) അനോറെക്സിയ
(C) ഡിസ്ഗ്രാഫിയ
(D) ഡിസ്കാൽകുലിയ

82. കുട്ടികളിൽ സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതിന് അനുയോജ്യമായ സമീപനമേത്?

(A) മാതൃക കൊടുത്ത് കാര്യങ്ങൾ ചെയ്യാൻ നിർദ്ദേശിക്കുന്നു
(B) വളരെ വേഗത്തിൽ ചെയ്തു തീർക്കാൻ ആവശ്യപ്പെടുന്നു
(C) നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു
(D) അയവുള്ള അന്തരീക്ഷം പ്രദാനം ചെയ്യുന്നു

83. പിയാഷെയുടെ അഭിപ്രായത്തിൽ ജീവനില്ലാത്തവർക്കും ജീവനുള്ളവയുടേതുപോലെ ഗുണങ്ങളുണ്ട് എന്നു കുട്ടികൾ സങ്കൽപ്പിക്കുന്നത് ഏതു ഘട്ടത്തിലാണ്?

(A) അമൂർത്ത ചിന്തന ഘട്ടം (Formal Operational Stage)
(B) ഇന്ദ്രിയ ചാലക ഘട്ടം (Sensory Motor Stage)
(C) പ്രാഗ് മനോവ്യാപാര ഘട്ടം (Pre Operational Stage)
(D) മൂർത്ത ചിന്തന ഘട്ടം (Concrete Operational Stage)

84. പഠനവേളയിൽ വിദഗ്ദ്ധനായ വ്യക്തിയുടെ സഹായം കുട്ടിയുടെ പഠനനില ഉയർത്താൻ സഹായിക്കുമെന്ന ആശയം മുന്നോട്ടുവെച്ച മനഃശാസ്ത്രജ്ഞൻ :

(A) വൈഗോട്സ്കി
(B) പിയാഷെ
(C) തോൺഡൈക്
(D) കോഹ്ലർ

85. വിവ്രജന ചിന്തനം (Divergent Thinking) ബുദ്ധിയുടെ ഒരു ഘടകമായി എടുത്തു കാണിച്ച ബുദ്ധി സിദ്ധാന്തം താഴെപ്പറയുന്നവയിൽ ഏതാണ്?

(A) ഹൈറാർകിക് തിയറി
(B) ദ്വിഘടക സിദ്ധാന്തം
(C) ത്രിമുഖ സിദ്ധാന്തം
(D) പ്രാഥമിക ബുദ്ധിക്ഷമതാ സിദ്ധാന്തം

86. ലഭിക്കുന്ന പരിശീലനം കൊണ്ട് ഒരു വ്യക്തിക്ക് ഭാവിയിൽ ഏതു മേഖലയിൽ മികവു പുലർത്താൻ കഴിയും എന്നുള്ള സൂചനയാണ്?

(A) അഭിക്ഷമത (Aptitude)
(B) താല്പര്യം (Interest)
(C) ഉപലബ്ധി (Achievement)
(D) മനോഭാവം (Attitude)

PSCNET.in

87. കുട്ടികളിലുണ്ടാവുന്ന ഭയം ഇല്ലാതാക്കാൻ ഏതു മാർഗ്ഗമാണ് അഭിലഷണീയം?

(A) കുട്ടിയെ പരിഹസിക്കുക

(B) പേടിയുണ്ടാക്കുന്ന വസ്തുക്കളുമായി സാവകാശത്തിൽ സമ്പർക്കത്തിലേർപ്പെടാൻ അവസരം നൽകുക

(C) ഇത്തരം ഭയങ്ങളെ അവഗണിക്കുക

(D) ധൈര്യവാനായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഉപദേശിക്കുക

88. ഫ്രോയ്ഡിയൻ വീക്ഷണമനുസരിച്ച് അക്ഷരപ്പിഴവുകൾക്കും നാക്കുപ്പിഴവുകൾക്കും കാരണം :

(A) പശ്ചാദ്ഗമനമാണ് (Regression)

(B) പ്രതിപൂർത്തിയാണ് (Compensation)

(C) താദാത്മീകരണമാണ് (Identification)

(D) ദമനമാണ് (Repression)

89. 'തരം തിരിക്കൽ' എന്ന പ്രവർത്തനം ബഹുമുഖ ബുദ്ധിയിൽ ഏതു ഘടകത്തെ പരിപോഷിപ്പിക്കാനുതകുന്നു?

(A) പ്രകൃതിപരമായ ബുദ്ധി

(B) ഭാഷാപരമായ ബുദ്ധി

(C) ഗണിതപരവും യുക്തിചിന്താപരവുമായ ബുദ്ധി

(D) ശാരീരിക ചലനപരമായ ബുദ്ധി

90. ശരീരദ്രവങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യക്തിത്വത്തെ വിശദീകരിച്ചവരിൽ പ്രധാനിയാണ് :

(A) ഹിപ്പൊക്രാറ്റസ്

(B) ഷെൽഡൻ

(C) ക്രഷ്മർ

(D) സ്പ്രാങ്ങർ

91. ശ്രീബുദ്ധനിലെ 'അഹിംസ' താഴെപ്പറയുന്നവയിൽ ഏതിന് ഉദാഹരണമാണ്?

(A) കേന്ദ്ര സവിശേഷകം (Central Trait)

(B) മുഖ്യ സവിശേഷകം (Cardinal Trait)

(C) ദ്വിതീയ സവിശേഷകം (Secondary Trait)

(D) ഇതിനൊന്നും ഉദാഹരണമല്ല

92. ക്ലാസ്സു ചുമരുകൾ വൃത്തികേടാക്കിയ കുട്ടികളെ അവ വെള്ള പൂശി മനോഹരമാക്കാനുള്ള ചുമതലയേൽപ്പിച്ചു. പിന്നീടൊരിക്കലും അവർ ചുമരുകൾ വൃത്തികേടാക്കിയില്ലെന്നു മാത്രമല്ല വൃത്തിക്കേടാക്കുന്നവരെ പിന്തിരിപ്പിക്കുകയും ചെയ്യു. ഇവിടെ ഏതു സമായോജന തന്ത്രമാണ് അദ്ധ്യാപിക ഉപയോഗപ്പെടുത്തിയത്?

(A) ദമനം (Repression)

(B) പ്രൊജക്ഷൻ (Projection)

(C) യുക്തീകരണം (Rationalization)

(D) ഉദാത്തീകരണം (Sublimation)

PSCNET.in

93. ഒരു ചോദകത്തിന്റെ സാന്നിദ്ധ്യം പ്രതികരണത്തിന്റെ ആവൃത്തി കൂട്ടുന്നുവെങ്കിൽ അത് :

(A) ധനപ്രബലകമാണ് (Positive re-inforcer)

(B) ശിക്ഷയാണ് (Punishment)

(C) ഋണപ്രബലകമാണ് (Negative re-inforcer)

(D) ഇതൊന്നുമല്ല

94. അഹവും (Self) ആദർശാത്മക അഹവും (Ideal Self) തമ്മിലുള്ള പൊരുത്തക്കേടുകളാണ് വ്യക്തിത്വത്തിലെ വൈകല്യങ്ങൾക്ക് കാരണം എന്നു സിദ്ധാന്തിച്ചത് :

(A) യുങ്ങ്
(B) കാൾ റോജേഴ്സ്
(C) അബ്രഹാം മാസ്ലോ
(D) കാറ്റൽ

95. 'കണ്ടെത്തൽ പഠനം' താഴെപ്പറയുന്നവരിൽ ആരുടെ സംഭാവനയാണ്?

(A) ഡി. ഡബ്ല്യു. ആൽപോർട്ട്
(B) ജീൻ പിയാഷെ
(C) ജെറോം ബ്രൂണർ
(D) ആൽബർട്ട് ബന്ദൂര

96. കൂട്ടത്തിൽപ്പെടാത്തതേത്?

(A) വികാസത്തിന്റെ സമീപസ്ഥ മണ്ഡലം
(B) സഹവർത്തിത പഠനം
(C) സ്കഫോൾഡിംഗ്
(D) നിരീക്ഷണ പഠനം

97. പരിക്രമീകൃത ബോധനം (Programmed Instruction) രൂപപ്പെടുത്തിയത് ഏതു പഠന സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തിയാണ്?

(A) സംബന്ധവാദം
(B) ഓപ്പറന്റ് കൺഡീഷനിംഗ്
(C) അനുബന്ധനം
(D) സൂചനാപഠനം

98. പഠനം നടക്കുന്നത് ഉൾക്കാഴ്ച (insight) കൊണ്ടാണെന്ന് സിദ്ധാന്തിച്ചത് :

(A) ഗെഷ്റ്റാൾട്ട് മനഃശാസ്ത്രമാണ്
(B) സാമൂഹ്യജ്ഞാന നിർമ്മിതി വാദമാണ്
(C) ബിഹേവിയറിസമാണ്
(D) കോഗ്നിറ്റീവ് ബിഹേവിയറിസമാണ്

99. കാലിക വയസ്സ് മാനസിക വയസ്സിനേക്കാൾ കൂടുമ്പോൾ ബുദ്ധിമാനം :

(A) തുല്യമായിരിക്കും
(B) കൂടുന്നു
(C) കുറയുന്നു
(D) ഒരു വ്യത്യാസവും വരുന്നില്ല

100. ബാല്യകാല വികാരങ്ങളുടെ സവിശേഷതയല്ലാത്തത് ഏത്?

(A) ക്ഷണികത
(B) ചഞ്ചലത
(C) തീവ്രത
(D) സ്ഥിരത